# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2594 — 10.12.2014-ൽ മറുപടിക്ക്

## ഡെലിവറി കിറ്റുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ. പി. ജയരാജൻ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സർക്കാർ ആശുപത്രികളുടെ ഉപയോഗത്തിന് പ്രതിവർഷം എത്ര ഡെലിവറി കിറ്റുകൾ വേണ്ടിവരും എന്നാണ് കണക്കാക്കപ്പെടുന്നത് ; | (എ) പ്രതിവർഷം ഏകദേശം 94000 കിറ്റുകൾ വേണ്ടി വരുമെന്ന് കണക്കാക്കപ്പെടുന്നു. |
| (ബി) പ്രതിവർഷം എത്ര സിസേറിയൻ കിറ്റുകൾ ആവശ്യമായി വരുന്നവെന്നാണ് കണക്കാക്കപ്പെടുന്നത് ; | (ബി) ഏകദേശം 57000 സിസേറിയൻ കിറ്റുകൾ വേണ്ടി വരുമെന്ന് കണക്കാക്കപ്പെടുന്നു. |
| (സി) പ്രതിവർഷം സിസേറിയൻ കിറ്റുകൾ വാങ്ങുന്നതിനായി എത്ര തുക വകയിരുത്തുന്നുവെന്ന് വ്യക്തമാക്കുമോ ; | (സി) 2013-14 - 1.9 കോടി രൂപ<br>2014-15 - 2.2 കോടി രൂപ |
| (ഡി) ഏത് ഏജൻസി മുഖേനയാണ് ആശുപത്രികൾക്കാവശ്യമായ ഡെലിവറി കിറ്റുകൾ വാങ്ങുന്നത് ; | (ഡി) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേനയാണ് ആരോഗ്യവകുപ്പിൽ ഡെലിവറി കിറ്റുകൾ വാങ്ങി ലഭ്യമാക്കുന്നത്. |
| (ഇ) 2014-2015 -ൽ ആകെ എത്ര ഡെലിവറി കിറ്റുകൾ വാങ്ങുകയുണ്ടായി ; എത്ര തുക ചിലവഴിക്കുകയുണ്ടായി ; | (ഇ) 2014-2015 -ൽ ഡെലിവറി കിറ്റുകൾ ലഭ്യമാക്കിയിട്ടില്ല. |
| (എഫ്) ഡെലിവറി കിറ്റുകളുടെ അഭാവത്തിൽ സർക്കാർ ആശുപത്രികളിൽ ഗർഭിണികളുടെ രക്തസ്രാവ മരണവും ശിശുക്കളുടെ അണുബാധാ മരണവും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ; ഇങ്ങനെ എത്ര മരണങ്ങൾ സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (എഫ്) 2014-15 വർഷത്തിൽ ഏപ്രിൽ 2014 മുതൽ ഒക്ടോബർ 2014 വരെ സംസ്ഥാനത്ത് 1839 ശിശുമരണങ്ങളും 84 മാതൃമരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ശിശുമരണങ്ങൾ ഡെലിവറി കിറ്റുകളുടെ അഭാവം കൊണ്ട് സംഭവിക്കുന്നതല്ല. 84 മാതൃമരണങ്ങൾ ഉണ്ടായെങ്കിലും ഇവയിലൊന്നും തന്നെ ഡെലിവറി കിറ്റിന്റെ അഭാവത്തിൽ ഉണ്ടായതാണെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ